B9-2571/2024 തിയതി: 25.07.2024

# ഗുരുവായൂർ ദേവസ്വം

## വിജ്ഞാപനം

ഗുരുവായൂർ ദേവസ്വത്തിൽ നിന്നും ഇതര ഹൈന്ദവ ക്ഷേത്രങ്ങളുടെ പുനരുദ്ധാര ണത്തിനും, വേദപാഠശാലകളുടെ പരിപാലനത്തിനും വേണ്ടി 2024-2025 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അപേക്ഷകൾ 05.06.2024 മുതൽ 25.06.2024 കൂടി ഓൺലൈൻ വഴി സമർപ്പിക്കുന്നതിനും, അപേക്ഷയും നിശ്ചിത രേഖകളും 05.07.20224ന് വൈകുന്നേരം 5.00 മണി വരെ ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതിനും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ സമയപരിധി നീട്ടി നിശ്ചയിച്ച് താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി അർഹതപ്പെട്ട ക്ഷേത്രങ്ങളിൽ നിന്നും, വേദപാഠശാലകളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു.

1) ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിനുള്ള Link, *guruvayurdevaswom.nic.in* എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ആയത് മുഖേന അപേക്ഷ ഫീസ് അടവാക്കാനുള്ള *QR-code*, അപേക്ഷ ഫോം എന്നിവ ലഭിക്കുന്നതാണ്.

2) അപേക്ഷകൾ 26.07.2024 മുതൽ 31.07.2024 കൂടി ഓൺലൈൻ വഴി സമർപ്പിക്കേണ്ടതാണ് (05.06.2024 മുതൽ 25.06.2024 കൂടി അപേക്ഷിച്ചവർ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല.

3) 200/- രൂപ അപേക്ഷ ഫീസ് അടവാക്കേണ്ടതും ആയതിന്റെ *Reference ID* ഓൺലൈൻ ഫോമിൽ നിർബന്ധമായി പൂരിപ്പിക്കേണ്ടതുമാണ് അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. ഫീസ് അടവാക്കിയതിനുള്ള രേഖയുടെ പകർപ്പ് ദേവസ്വത്തിൽ ലഭ്യമാക്കേണ്ടതാണ്.

4) മേൽ പ്രകാരം അപേക്ഷ സമർപ്പിച്ചവർ, ഓൺലൈൻ അപേക്ഷയോടൊപ്പം താഴെ ആവശ്യപ്പെട്ട രേഖകൾ ഗുരുവായൂർ ദേവസ്വം ഓഫീസിൽ (അസ്സൽ പകർപ്പ്) ഹാജരാക്കുന്നവരെ മാത്രമാണ് ധനസഹായം അനുവദിക്കുന്നതിന് തുടർന്നുള്ള നടപടികൾക്ക് പരിഗണിക്കുകയുള്ളൂ. ആയത് അഡ്മിനിസ്ട്രേറ്റർ ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ, 680 101 എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ 06.08.2024 ന് വൈകുന്നേരം 5 മണി വരെ മാത്രമെ സ്വീകരിക്കുകയുള്ളൂ. കവറിനു പുറത്ത് ക്ഷേത്രം/വേദപാഠശാല ധനസഹായം 2024-2025 എന്ന് എഴുതേണ്ടതാണ്.

- ഗുരുവായൂർ ദേവസ്വത്തിൽ നിന്ന് ധനസഹായമായി അനുവദിക്കുന്ന സംഖ്യ ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണത്തിന്/വേദപാഠശാലയുടെ പരിപാലനത്തിന് പ്രവർത്തിക്കു മാത്രമായി വിനിയോഗി ക്കുകയുള്ളൂ എന്ന് 200/- രൂപ മുദ്ര പത്രത്തിൽ അഫിഡവിറ്റ് തയ്യാറാക്കി നോട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

- ധനസഹായത്തിന് അപേക്ഷിക്കുന്ന ക്ഷേത്രങ്ങൾ/വേദപാഠശാലകൾ ധനസഹായം കൈപ്പറ്റുന്നതിനുവേണ്ടി, ടി ക്ഷേത്രം ഒരു പൊതു ക്ഷേത്രമാണെന്ന് തെളിയിക്കു ന്നതിന് അതാത് പ്രദേശത്തെ വില്ലേജ് ഓഫീസർ/തദ്ദേശ സ്വയംഭരണ സ്ഥാപന മെമ്പർ (മെമ്പറുടെ പേരുള്ള ലെറ്റർ ഹെഡ്ഡിൽ നിർദ്ദിഷ്ട മാതൃകയിൽ ഹാജരാക്കിയത് മാത്രമാണ് സ്വീകരിക്കുകയുള്ളൂ. അല്ലാത്ത പക്ഷം അപേക്ഷ പരിഗണിക്കുന്നതല്ല.) എന്നിവരിൽ ഒരാളുടെ സാക്ഷ്യപത്രം ദേവസ്വം നിർദ്ദേശിച്ച മാതൃകയിൽ അപേക്ഷ യോടൊപ്പം ഹാജരാക്കേണ്ടതാണ്.

  സാക്ഷ്യപത്രത്തിന്റെ മാതൃക *guruvayurdevaswom.nic.in* എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

- ഗുരുവായൂർ ദേവസ്വത്തിൽ നിന്ന് അനുവദിക്കുന്ന ധനസഹായം കൊണ്ട് ചെയ്യാനു ദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദ വിവരം ക്ഷേത്രം ലെറ്റർഹെഡിൽ അപേക്ഷ യോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- ഓൺലൈൻ മുഖേന ഫീസ് അടവാക്കിയതിന്റെ പകർപ്പ്.

- ഓൺലൈൻ ഫോറം മുഖേന പൂരിപ്പിച്ച അപേക്ഷ.

5) നിത്യപൂജയില്ലാത്ത ക്ഷേത്രങ്ങൾ, പൊതു പ്രവേശനം അനുവദിക്കാത്ത ക്ഷേത്രങ്ങൾ, കുടുംബ ക്ഷേത്രങ്ങൾ മറ്റ് ദേവസ്വം ബോർഡുകളുടെയും *HR & CE* യുടെ കീഴിലുള്ള ക്ഷേത്രങ്ങൾ, കുടുംബ ട്രസ്റ്റികൾക്കു കീഴിലുള്ള ക്ഷേത്രങ്ങൾ, സ്വകാര്യ ക്ഷേത്രങ്ങൾ എന്നിവയെ ധനസഹായം നല്കുന്നതിന് പരിഗണിക്കുന്നതല്ല.

6) അപേക്ഷ ഫോറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ അപേക്ഷകളും നിശ്ചിത സമയത്തിനകം, ആവശ്യമായ രേഖകൾ ദേവസ്വത്തിൽ ലഭിക്കാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതാണ്.

ധനസഹായം കൈപ്പറ്റി 3 മാസത്തിനകം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ദേവസ്വത്തിൽ ഹാജരാക്കണം എന്ന വിവരം അറിയിക്കുന്നു. കൂടാതെ മുൻവർഷത്തെ ധനസഹായം ലഭിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ ധനസഹായം നൽകുന്നതിന് പരിഗണി ക്കുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

ഒപ്പ്
അഡ്മിനിസ്ട്രേറ്റർ